ഉത്തരം

(എ) ഉണ്ട്.

(ബി) 1-9-1999-ൽ.

(സി) അപേക്ഷ തുടർനടപടിക്കായി 4-9-99-ന് കോഴിക്കോട് ജില്ലാ കളക്ടർക്ക് അയച്ചു കൊടുത്തിരിക്കുകയാണ്.

30 (2331) കമ്പ്യൂട്ടർവൽക്കരിച്ച ഓഫീസുകൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെല്ലാം ഓഫീസുകളിലാണ് കമ്പ്യൂട്ടർ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓഫീസുകളിലെല്ലാംകൂടി ആകെ എത്ര കമ്പ്യൂട്ടറുകളാണ് സ്ഥാപിച്ചിട്ടുള്ളതെന്നും അതിനെല്ലാം കൂടി ആകെ എന്തു തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പ്യൂട്ടറുകൾ സ്ഥാപിച്ചതുവഴി എത്ര ജീവനക്കാരുടെ ജോലിഭാരം ലഘൂകരിക്കാൻ കഴിഞ്ഞുവെന്നും എത്ര പേർക്ക് ജോലി നഷ്ടപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ)(ബി)&(സി) വിവരം ശേഖരിച്ചുവരുന്നു.

31 (2332) ആവിഷ്ക്കാര സ്വാതന്ത്ര്യം നിഷേധിച്ച നടപടി

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആവിഷ്ക്കാര സ്വാതന്ത്ര്യം എല്ലാവർക്കും ഉണ്ടായിരിക്കണമെന്നത് സംബന്ധിച്ച് ഗവൺമെന്റിന്റെ നയം എന്താണ്;

(ബി) ആർക്കെങ്കിലും ആവിഷ്ക്കാരസ്വാതന്ത്ര്യം നിഷേധിച്ചതായി എന്തെങ്കിലും പരാതി ഈ സർക്കാരിൽ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) സർക്കാർ ജീവനക്കാർക്ക് ആവിഷ്ക്കാര സ്വാതന്ത്ര്യം അനുവദിച്ചിട്ടുണ്ടോ;

(ഇ) ട്രഷറി ജീവനക്കാരനായ ശ്രീ മൂലനഗരം മോഹൻ നാടകം എഴുതിയതിന്റെ പേരിൽ നോട്ടീസ് അയച്ചിട്ടുണ്ടോ;

(എഫ്)ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് നോട്ടീസ് അയച്ചത് എന്ന് വ്യക്തമാക്കുമോ;

(ജി) ഗവൺമെന്റ് ജീവനക്കാർക്ക് ആവിഷ്ക്കാര സ്വാതന്ത്ര്യം നിഷേധിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ക്കാരസമ്പന്നമായ ഏതു സമൂഹത്തിലും അംഗീകരിക്ക പ്പെടുന്ന പരിമിതികൾക്കു വിധേയമായി ആവിഷ്ക്കാര സ്വാതന്ത്ര്യം എല്ലാ വർക്കും ഉണ്ടാകണമെന്നതാണ് ഗവൺമെന്റിന്റെ നയം.

(ബി)&(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) 1960-ലെ കേരള ഗവൺമെന്റ് സർവന്റ്സ് കോൺഡക്ട് റൂൾസിലെ നിബന്ധനകൾ പ്രകാരം സർക്കാരുദ്യോഗസ്ഥന്മാർക്ക് ഒരു പെരുമാ റ്റച്ചട്ടം ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ചട്ടങ്ങൾക്ക് വിധേയമായി മാത്രമേ സർക്കാർ ജീവനക്കാർക്ക് ആവിഷ്ക്കാര സ്വാതന്ത്ര്യം അനുവദിച്ചിട്ടുള്ളൂ.

(ഇ)&(എഫ്) ശ്രീമൂലനഗരം മോഹനനോട് 'അമരാവതി സബ്ട്രഷറി' എന്ന നാടകം രചിച്ചത് സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങിയിട്ടാണോ എന്ന് ചോദിച്ചിട്ടുണ്ട്. മറ്റു നോട്ടീസുകളൊന്നും അയച്ചിട്ടില്ല. നിലവിലുള്ള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 62-ാം വകുപ്പുപ്രകാരം ഏതെ ങ്കിലും വിധത്തിലുള്ള രചനകളും ലേഖനങ്ങളും എഴുതി പ്രസിദ്ധപ്പെടു ത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുവാദം വാങ്ങേണ്ടതുണ്ട്. ഈ സാഹ ചര്യത്തിലാണ് മേൽപ്രകാരം ചോദിച്ചത്.

(ജി) ഇത് സംബന്ധിച്ച് വ്യക്തമായ ചട്ടങ്ങൾ ഇപ്പോൾത്തന്നെ നില വിലുണ്ട്. പ്രസ്തുത ചട്ടങ്ങൾ മാനിക്കപ്പെടുന്നതാണ്.

32 (2333) കേന്ദ്ര സർക്കാരിനു നൽകിയ നിവേദനങ്ങൾ

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാന ത്തിന്റെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് എത്ര നിവേദനങ്ങൾ നൽകിയിട്ടുണ്ട്;

(ബി) പ്രസ്തുത നിവേദനങ്ങളിൽ ആവശ്യപ്പെട്ട കാര്യങ്ങൾ എന്തെ ല്ലാമായിരുന്നു;

(സി) അതിൽ ഏതെല്ലാം കാര്യങ്ങളാണ് കേന്ദ്ര സർക്കാർ അംഗീകരി ച്ചത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)(ബി)&(സി) വിവരം ശേഖരിച്ചു വരുന്നു.

33 (2335) 1946-ലെ മലബാർ-തെക്കൻ കർണ്ണാടക ബീഡി തൊഴിലാളി സമരം സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമാക്കാൻ നടപടി

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1946-ൽ നടന്ന മലബാർ-തെക്കൻ കർണ്ണാടക ബീഡി തൊഴി ലാളി സമരം സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി സർക്കാർ അംഗീകരിച്ചി ട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly